## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. രാജൻ എം.വി)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - യു.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക ഭാഗികമായി ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം :1) ഈ കാര്യാലയത്തിലെ 29.10.2019 തീയതിയിലെ ഇതേ നമ്പർ യു.ഡി ടൈപ്പിസ്റ്റുമാരുടെ താൽക്കാലിക മുൻഗണനാപ്പട്ടിക

2) ഈ കാര്യാലയത്തിലെ 25.11.2019 തീയതിയിലെ ഇതേ നമ്പർ യു.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക

3) ഈ കാര്യാലയത്തിൽ ലഭ്യമായ ശ്രീമതി. സിന്ധു. എസ്, യു.ഡി ടൈപ്പിസ്റ്റിന്റെ 29.11.2019 തീയതിയിലെ അപേക്ഷ

4) കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 29.11.2019 തീയതിയിലെ A4/Estt/19 നമ്പർ കത്ത്

5) സ.ഉ(സാധാ)നം. 2276/2014/തസ്വഭവ തീയതി 29.08.2014

## ഉത്തരവ് നം . എ2-4221/2016/സിഇ/തസ്വഭവ തീയതി. 09.12.2019

മേൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച യു.ഡി ടൈപ്പിസ്റ്റുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെട്ട റാങ്ക് നം. 28 ശ്രീമതി. സിന്ധു. എസ്, തന്റെ സീനിയോരിറ്റി റാങ്ക് നം. 27 ശ്രീമതി. ഫാത്തിമ ഇ.എം-ന് മുകളിലായി പ്രസ്തുത മുൻഗണനാപ്പട്ടികയിൽ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൻ പ്രകാരം ശ്രീമതി. സിന്ധു. എസ്-ന്റെ നിയമന ശുപാർശ തീയതി 17.03.2004 എന്നും, ശ്രീമതി. ഫാത്തിമ ഇ.എം-ന്റെ നിയമനശുപാർശ തീയതി 23.11.2004 എന്നും വ്യക്തമായിട്ടുണ്ട്. ആയതിനാൽ യു.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ഒരേ സ്ഥാനക്കയറ്റ പ്രാബല്യതീയതി ആയതിനാൽ, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ സീനിയറായ ശ്രീമതി. സിന്ധു. എസ്-ന് കേരള സർവീസ് ചട്ടം 27 (a), (b) അനുസരിച്ച് മുൻഗണനയ്ക്ക് അർഹതയുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീമതി. സിന്ധു. എസ് പരാമർശം (2)-ലെ അന്തിമ മുൻഗണനാപ്പട്ടികയിൽ റാങ്ക് നം. 27 ആയും ശ്രീമതി. ഫാത്തിമ ഇ.എം-ന്റെ റാങ്ക് നം. 28 ആയും ക്രമീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

പകർപ്പ് : ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് (വെബ് സൈറ്റ് മുഖേന)

P 1259